# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 01-03-2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. സംഘർഷമൊഴിയാതെ പശ്ചിമേഷ്യ; ആയത്തൊള്ള അലി ഖമനേയി കൊല്ലപ്പെട്ടതിൽ ഇറാനിൽ ശക്തമായ പ്രതിഷേധം; ആയത്തൊള്ള അലി റസാ അറാഫി ഇടക്കാല പരമോന്നത നേതാവ്.

   **Unrest continues in West Asia; Massive protests erupt in Iran following the killing of Ayatollah Ali Khamenei. Ayatollah Ali Reza Arafi appointed as the interim Supreme Leader.**

2. രാജ്യങ്ങൾ സംയമനം പാലിക്കണമെന്നും, സാധാരണക്കാരുടെ സുരക്ഷയ്ക്ക് മുൻഗണന നൽകണമെന്നും ഇന്ത്യ.

   **India urges nations to exercise restraint and prioritize the safety and security of civilians.**

3. മയക്കുമരുന്നിനെതിരായ ബോധവൽക്കരണം ജനകീയ മുന്നേറ്റമാക്കണമെന്ന് ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ.

   **Vice President C.P. Radhakrishnan calls for making drug abuse awareness a mass movement.**

4. തമിഴ്നാട്ടിൽ 4,400 കോടിയിലധികം രൂപയുടെ അടിസ്ഥാനസൗകര്യ പദ്ധതികൾക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി തുടക്കം കുറിച്ചു.

**Prime Minister Narendra Modi launches infrastructure projects worth over 4,400 crore rupees in Tamil Nadu.**

5. വയനാട് മുണ്ടക്കൈ - ചൂരൽമല ദുരന്തബാധിതർക്കായുള്ള ടൗൺഷിപ്പ് ലോക മാതൃകയെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

**The township for Mundakkai-Chooralmala landslide survivors is a model for the world, says Chief Minister Pinarayi Vijayan.**

6. പുരുഷ ടി-20 ക്രിക്കറ്റ് ലോകകപ്പിലെ നിർണായക മത്സരത്തിൽ ഇന്ത്യക്കെതിരെ വെസ്റ്റ് ഇൻഡീസിനു ബാറ്റിങ്.

**In the crucial Men's T-20 Cricket World Cup match, India sent West Indies in to bat.**

**&&&&&&&&&&&&&&&&&**

## IRAN - ISRAEL CONFLICT INTRO

പശ്ചിമേഷ്യയിലെ സംഘർഷം തുടരുന്നു. ഇറാന്റെ പരമോന്നത നേതാവ് ആയത്തൊള്ള അലി ഖമനേയി കൊല്ലപ്പെട്ടതിൽ ടെഹ്റാനിലും മറ്റ് ഇറാൻ നഗരങ്ങളിലും പ്രതിഷേധം ശക്തമായി. സംഘർഷ സാഹചര്യം കണക്കിലെടുത്ത് ഇന്ത്യൻ എംബസികൾ പൗരന്മാർക്കായി നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

വിശദാംശങ്ങളിലേക്ക്......

(വോയിസ്)

## IRAN - ISRAEL CONFLICT- VOICE

ഇറാന്റെ പരമോന്നത നേതാവിന് പുറമെ സൈനിക മേധാവിയും പ്രതിരോധ മന്ത്രിയും കൊല്ലപ്പെട്ടതായി ഇറാൻ ഔദ്യോഗിക മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. ഇറാൻ പ്രതിരോധ കൗൺസിൽ യോഗത്തെ ലക്ഷ്യം വച്ചുള്ള ആക്രമണത്തിൽ ജനറൽ അബ്ദുൾ റഹീം മൗസവി, പ്രതിരോധ മന്ത്രി ജനറൽ അസീസ് നസീർസാദെ, അർദ്ധസൈനിക വിഭാഗത്തിന്റെ തലവൻ അലി

ഷംഖാനി എന്നിവരാണ് കൊല്ലപ്പെട്ടത്. ഇറാനിലും ഗൾഫ് മേഖലയിലുമുണ്ടായ സംഭവവികാസങ്ങളിൽ കടുത്ത ആശങ്ക പ്രകടിപ്പിച്ച ഇന്ത്യ, രാജ്യങ്ങൾ സംയമനം പാലിക്കണമെന്നും, സാധാരണക്കാരുടെ സുരക്ഷയ്ക്ക് മുൻഗണന നൽകണമെന്നും അഭ്യർത്ഥിച്ചു. സംഘർഷങ്ങൾ കുറയ്ക്കുന്നതിനും അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ചർച്ചയും നയതന്ത്രവും പിന്തുടരണമെന്ന് വിദേശകാര്യ മന്ത്രാലയം പ്രസ്താവനയിൽ അറിയിച്ചു. ഇന്ത്യൻ എംബസികൾ മുഖേന ഇന്ത്യാക്കാർക്ക് മുന്നറിയിപ്പുകളും മാർഗ നിർദേശങ്ങളും നൽകി വരികയാണ്. കൺട്രോൾ റൂമുകളിലൂടെയാണ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. ഇറാൻ - ഇസ്രയേൽ സംഘർഷം ഉടൻ അവസാനിപ്പിക്കണമെന്നും വെടിനിർത്തൽ പ്രഖ്യാപിക്കണമെന്നും ചൈന ആവശ്യപ്പെട്ടു. ആക്രമണങ്ങളിൽ ആശങ്ക പ്രകടിപ്പിച്ച ചൈനീസ് വിദേശകാര്യ മന്ത്രാലയം, ചർച്ചകൾ പുനരാരംഭിക്കണമെന്നും നിർദേശിച്ചു. അതേസമയം, ഇറാനിലെ ഇടക്കാല പരമോന്നത നേതാവായി അയത്തൊള്ള അലി റസാ അറാഫിയെ നിയമിച്ചു. ന്യൂസ് ഡെസ്ക് ആകാശവാണി.

&&&&&&&&&&&&&&&&&

## US CONSULATE- PAK PROTEST

ആയത്തൊള്ള ഖമനേയി കൊല്ലപ്പെട്ടതിനെത്തുടർന്ന്, പാകിസ്ഥാനിലെ കറാച്ചിയിൽ, അമേരിക്കൻ കോൺസുലേറ്റിന് സമീപം നടന്ന പ്രതിഷേധങ്ങൾ അക്രമാസക്തമായി. തുടർന്ന്, പൊലീസ് വെടിവയ്പ്പിൽ 10 ഓളം പേർ കൊല്ലപ്പെട്ടതായാണ് റിപ്പോർട്ട്.

&&&&&&&&&&&&&&&&&

## INDIAN LEBANON - ADVISORY

ലെബനനിലെ ഇന്ത്യാക്കാർക്ക് ജാഗ്രതാനിർദേശം പുറപ്പെടുവിച്ച് വിദേശകാര്യ മന്ത്രാലയം. ലെബനനിലേക്കുള്ള

അത്യാവശ്യമല്ലാത്ത യാത്ര ഒഴിവാക്കണമെന്ന് അധികൃതർ മുന്നറിയിപ്പ് നൽകി. ഇന്ത്യൻ എംബസിയുടെ +9 6 1 7 6 8 6 0 1 28 നമ്പറിലോ cons.beirut@mea.gov.in. എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടാവുന്നതാണ്.

&&&&&&&&&&&&&&&&&

## FLIGHTS-CANCELLED

സംഘർഷ പശ്ചാത്തലത്തിൽ ഇന്ത്യൻ വിമാന കമ്പനികളുടെ നിരവധി സർവീസുകൾ റദ്ദാക്കിയതായി വ്യോമയാന മന്ത്രാലയം. വിമാനങ്ങളുടെ തൽസ്ഥിതി വിമാന കമ്പനികളുടെ വെബ്സൈറ്റിൽ പരിശോധിക്കാനാകും.

&&&&&&&&&&&&&&&&&

## CM- PM

ഗൾഫ് മേഖലയിലെ സംഘർഷാവസ്ഥയുടെ സാഹചര്യത്തിൽ പ്രവാസി മലയാളികൾക്ക് വേണ്ടി അടിയന്തര ഇടപെടൽ അഭ്യർത്ഥിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക്, മുഖ്യമന്ത്രി പിണറായി വിജയൻ കത്തയച്ചു. പ്രവാസികളുടെ സംരക്ഷണം ഉറപ്പാക്കുന്നതിനും, അവരെ സുരക്ഷിതമായി നാട്ടിലെത്തിക്കുന്നതിനുമുള്ള അടിയന്തര മുന്നൊരുക്കങ്ങൾ ഉണ്ടാകണമെന്ന് മുഖ്യമന്ത്രി ആവശ്യപ്പെട്ടു.

&&&&&&&&&&&&&&&&&

## NORKA

പ്രവാസി മലയാളികൾക്കായി നോർക്ക റൂട്ട്സിൻറെ ഹെൽപ്പ്ഡെസ്ക് പ്രവർത്തനം ആരംഭിച്ചു. സഹായം ആവശ്യമുള്ളവർക്ക് +91- 880 201 2345 എന്ന നമ്പറിൽ ബന്ധപ്പെടാം. ഇന്ത്യയിൽ നിന്നും 1800 425 3939 എന്ന ടോൾ ഫ്രീ നമ്പറിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്.

&&&&&&&&&&&&&&&&&

## CBSE- EXAM ADVISORY

പശ്ചിമേഷ്യൻ മേഖലയിൽ നാളെ നടക്കാനിരുന്ന 10, 12 ക്ലാസുകളിലെ പരീക്ഷകൾ മാറ്റി വയ്ക്കുമെന്ന് CBSE. മേഖലയിലെ സംഘർഷസാഹചര്യം കണക്കിലെടുത്താണ് തീരുമാനം. പുതിയ തീയതികൾ പിന്നീട് പ്രഖ്യാപിക്കും.

&&&&&&&&&&&&&&&&&

## MEA - FACT CHECK

ദുബായിൽ നിന്ന് നയതന്ത്ര ഉദ്യോഗസ്ഥരെയും ഇന്ത്യൻ പ്രവാസികളെയും രക്ഷപ്പെടുത്തി വിമാനം പുറപ്പെട്ടു എന്ന തരത്തിൽ സമൂഹ മാധ്യമങ്ങളിൽ പ്രചരിക്കുന്ന ദൃശ്യങ്ങൾ വ്യാജമെന്ന് വിദേശകാര്യ മന്ത്രാലയം. തെറ്റിദ്ധരിപ്പിക്കുന്ന വീഡിയോകളുടെ കാര്യത്തിൽ ജനങ്ങൾ ജാഗ്രത പാലിക്കണമെന്നും മുന്നറിയിപ്പ് നൽകി.

&&&&&&&&&&&&&&&&&

## VP - VISIT

വിമർശനാത്മക ചിന്തയും സഹാനുഭൂതിയും സമഗ്രതയും വളർത്താൻ വിദ്യാഭ്യാസത്തിലൂടെ സാധിക്കണമെന്ന് ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ. കൊല്ലം പത്തനാപുരം സെൻ്റ് സ്റ്റീഫൻസ് ഹയർ സെക്കൻഡറി സ്കൂൾ ശതാബ്ദി ആഘോഷം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. മയക്കുമരുന്നിനെതിരായ ബോധവത്കരണം കരുത്തുറ്റ ജനകീയ പ്രചാരണമാകണമെന്നും ഉപരാഷ്ട്രപതി പറഞ്ഞു. ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ, കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി തുടങ്ങിയവർ പങ്കെടുത്തു.

&&&&&&&&&&&&&&&&&

## PM - MADURAI- INTRO

പ്രധാനമന്ത്രി നരേന്ദ്രമോദി തമിഴ്നാട്ടിലെ മധുരയിൽ 4,400 കോടിയിലധികം രൂപയുടെ അടിസ്ഥാനസൗകര്യ പദ്ധതികൾക്ക് തുടക്കം കുറിച്ചു. പദ്ധതികൾ കണക്റ്റിവിറ്റിയിൽ വലിയ മാറ്റം വരുത്തുകയും, സമ്പദ്‌വ്യവസ്ഥയെ ഉത്തേജിപ്പിക്കുകയും, തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുമെന്ന് പ്രധാനമന്ത്രി പറഞ്ഞു. റെയിൽ വികസനത്തിൽ ഉൾപ്പെടെ തമിഴ്നാടിന് മുന്തിയ പരിഗണനയാണ് നൽകുന്നതെന്നും അദ്ദേഹം വ്യക്തമാക്കി.

(ഹോൾഡ് വോയിസ് - പി എം)

കുംഭകോണം, യേർക്കാട്, വെല്ലൂർ എന്നിവിടങ്ങളിൽ പുതിയ ആകാശവാണി എഫ്എം റിലേ ട്രാൻസ്മിറ്ററുകൾ പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്തു.

(ഹോൾഡ് വോയിസ് - പി എം)

രാവിലെ പുതുച്ചേരിയിൽ 2,700 കോടിയിലധികം രൂപയുടെ വികസന പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലും ശ്രീ. മോദി നിർവഹിച്ചിരുന്നു.

&&&&&&&&&&&&&&&&&&

## PM - CANADA PM TALKS

പ്രധാനമന്ത്രി നരേന്ദ്ര മോദിയും ക്യാനഡ പ്രധാനമന്ത്രി മാർക്ക് കാർണിയും നാളെ ന്യൂഡൽഹിയിൽ പ്രതിനിധിതല ചർച്ച നടത്തും. ഇന്ത്യ-ക്യാനഡ തന്ത്രപരമായ പങ്കാളിത്തത്തിൽ കൈവരിച്ച പുരോഗതി ഇരുനേതാക്കളും അവലോകനം ചെയ്യും.

&&&&&&&&&&&&&&&&&&

## PREZ - LAKHPATI BITYA YOJANA

ഡൽഹി ലഖ്പതി ബിട്ടിയ യോജനയ്ക്ക് രാഷ്ട്രപതി ദ്രൗപദി മുർമു നാളെ ന്യൂഡൽഹിയിൽ തുടക്കം കുറിക്കും. പദ്ധതിയിലൂടെ വിവിധ ഘട്ടങ്ങളിലായി 56,000 രൂപ പെൺകുട്ടിയുടെ അക്കൗണ്ടിൽ

നിക്ഷേപിക്കും. 21 വയസ്സ് പൂർത്തിയാകുമ്പോൾ പലിശ ഉൾപ്പെടെ ഒരു ലക്ഷത്തിലേറെ രൂപ കുട്ടിക്കു ലഭിക്കുന്നതാണ് പദ്ധതി.

&&&&&&&&&&&&&&&&&

## WAYANAD - CM

വയനാട് ദുരന്തബാധിതർക്കായി സർക്കാർ നടപ്പിലാക്കിയ ടൗൺഷിപ്പ് ലോക മാതൃകയെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. മുണ്ടക്കൈ - ചൂരൽമല ദുരന്തബാധിതർക്കുള്ള ടൗൺഷിപ്പിൻറെ ആദ്യഘട്ട ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. ഗുണഭോക്താക്കളായ 178 കുടുംബങ്ങൾക്ക് വീടുകൾ കൈമാറി.

&&&&&&&&&&&&&&&&&

## MANOHAR - BEE- INTRO

വൈദ്യുതിക്ഷാമമുള്ള അവസ്ഥയിൽ നിന്ന് വൈദ്യുതി മിച്ച രാജ്യമായി ഇന്ത്യ മാറിയതായി കേന്ദ്രമന്ത്രി മനോഹർ ലാൽ. ന്യൂഡൽഹിയിൽ ഊർജ കാര്യക്ഷമതാ ബ്യൂറോയുടെ 25-ാം സ്ഥാപക ദിനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ഊർജ്ജ സംരക്ഷണ സംരംഭങ്ങളിലൂടെ 50,000 കോടി രൂപയുടെ വൈദ്യുതി ലാഭിക്കാൻ ബ്യൂറോ സഹായിച്ചിട്ടുണ്ടെന്നും അദ്ദേഹം അറിയിച്ചു.

(ഹോൾഡ് വോയിസ്)

&&&&&&&&&&&&&&&&&

## ICC T20 WORLD CUP

പുരുഷ ടി-20 ലോകകപ്പ് ക്രിക്കറ്റ് സൂപ്പർ 8 പോരാട്ടത്തിൽ ടോസ് നേടിയ ഇന്ത്യ വെസ്റ്റ് ഇൻഡീസിനെ ബാറ്റിങ്ങിനയച്ചു. കൊൽക്കത്തയിലാണ് മത്സരം. ഒടുവിൽ വിവരം ലഭിക്കുമ്പോൾ വെസ്റ്റ് ഇൻഡീസ് 7-ാം ഓവറിൽ വിക്കറ്റ് നഷ്ടമില്ലാതെ 47

റൺസ് എടുത്തിട്ടുണ്ട്. ഇന്നു നടന്ന മറ്റൊരു മത്സരത്തിൽ ദക്ഷിണാഫ്രിക്ക, സിംബാബ്‌വേയെ 5 വിക്കറ്റിന് തോൽപ്പിച്ചു.

&&&&&&&&&&&&&&&&&

## SIR

കേരളത്തിൽ, ഈ വർഷം ജനുവരി ഒന്നിന് 18 വയസ്സ് പൂർത്തിയായിട്ടും, തീവ്ര വോട്ടർ പട്ടിക പരിഷ്കരണ സമയത്ത് പേരു ചേർക്കാൻ സാധിക്കാത്തവർക്ക് പട്ടികയിൽ പേര് ചേർക്കാൻ അവസരം. voters.eci.gov.in എന്ന വെബ്സൈറ്റിലൂടേയോ, ECINET മൊബൈൽ ആപ്പ് വഴിയോ, ബൂത്തുതല ഓഫീസർ വഴിയോ അപേക്ഷിക്കാം. നാമനിർദ്ദേശപത്രിക സമർപ്പിക്കാനുള്ള അവസാന തീയതി വരെയാണ് പേര് ചേർക്കാൻ അവസരമുള്ളത്.

&&&&&&&&&&&&&&&&&

## ATTUKAL

ആറ്റുകാൽ പൊങ്കാലയ്ക്കായി ഒരുങ്ങി തിരുവനന്തപുരം. പൊങ്കാലയുമായി ബന്ധപ്പെട്ട മുന്നൊരുക്കങ്ങൾ മന്ത്രി വി ശിവൻകുട്ടിയുടെ നേതൃത്വത്തിൽ വിലയിരുത്തി. തിരുവനന്തപുരം സെൻട്രൽ റെയിൽവേ സ്റ്റേഷനിൽ പ്രത്യേക ക്രമീകരണങ്ങൾ ഏർപ്പെടുത്തി. തിരുവനന്തപുരം നഗരപരിധിയിലെ 28 സ്കൂളുകൾക്ക് നാളെ അവധി പ്രഖ്യാപിച്ചു. ഡ്യൂട്ടിക്കെത്തുന്ന പോലീസ് ഉദ്യോഗസ്ഥർക്ക് സ്കൂളുകളിൽ താമസസൗകര്യം ഒരുക്കുന്നതിനായാണ് അവധി.

&&&&&&&&&&&&&&&&&

## CJI-JUDICIARY

നീതിന്യായ വ്യവസ്ഥയോടുള്ള ജനങ്ങളുടെ വിശ്വാസവും ആദരവും വർദ്ധിച്ചുവരികയാണെന്ന് സുപ്രിം കോടതി ചീഫ്

ജസ്റ്റിസ് സൂര്യകാന്ത്. ആന്ധ്രാപ്രദേശിലെ തിരുപ്പതിയിൽ ജില്ലാ കോടതി സമുച്ചയത്തിന് തറക്കല്ലിടുകയായിരുന്നു അദ്ദേഹം.

&&&&&&&&&&&&&&&&&

**SEMICON CONFERNCE**

നിർമ്മിത ബുദ്ധി, അർധചാലകങ്ങൾ, ഇലക്ട്രോണിക്സ് നിർമ്മാണം എന്നിവ ഇന്ത്യയുടെ അടുത്ത ഘട്ട വളർച്ചയ്ക്ക് വഴിയൊരുക്കുമെന്ന് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ്. ഗാന്ധിനഗറിൽ ഗുജറാത്ത് സെമികണക്റ്റ് കോൺഫറൻസ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

&&&&&&&&&&&&&&&&&

**SCINDIA- MCW SPAIN**

സ്പെയിനിലെ ബാർസലോണയിൽ നാളെ ആരംഭിക്കുന്ന മൊബൈൽ വേൾഡ് കോൺഗ്രസിൽ ഇന്ത്യയെ പ്രതിനിധാനംചെയ്ത് കേന്ദ്രമന്ത്രി ജോതിരാദിത്യ സിന്ധ്യ പങ്കെടുക്കും. ഇന്ത്യയുടെ ടെലികോം നിർമ്മാണ മേഖലയിലെ നൂതനാശയങ്ങൾ പ്രദർശിപ്പിക്കുന്ന ഇന്ത്യൻ പവലിയൻ അദ്ദേഹം ഉദ്ഘാടനം ചെയ്യും.

&&&&&&&&&&&&&&&&&

**JITENDRA- NATIONAL CONFERENCE**

ജമ്മു കശ്മീരിൽ നടക്കുന്ന ദേശീയ ഭരണ സമ്മേളനത്തിന് മറ്റന്നാൾ തുടക്കമാകും. കേന്ദ്ര സഹമന്ത്രി ജിതേന്ദ്ര സിങ്ങും മുഖ്യമന്ത്രി ഒമർ അബ്ദുള്ളയും സംയുക്തമായി ഉദ്ഘാടനം ചെയ്യും.

&&&&&&&&&&&&&&&&&

&&&&&&&&&&&&&

&&&